

04-01-2022

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 04/01/2022

1. കേരളത്തിന്റെ വടക്കൻ മേഖലകളിൽ നാളികേരത്തിന് വിലയിടിവ് ഉണ്ടായ സാഹചര്യത്തിൽ കാർഷിക വികസന കർഷക്ഷേമ വകുപ്പ് ജനുവരി 5 മുതൽ കർഷകരിൽനിന്ന് പച്ചത്തേങ്ങ സംഭരിക്കുവാൻ തീരുമാനിച്ചു.

2. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ആർ.കെ.വി.വൈ പദ്ധതിയുടെ കീഴിൽ വാഴകൃഷി, പാഷൻഫ്രൂട്ട് കൃഷി, പന്തലിൽ ചെയ്യുന്നതും പന്തൽ കൂടാതെ ചെയ്യുന്നതുമായ പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി എന്നിവയ്ക്കും ചെറുകിട നഴ്സറി, ചെറുകിട കൂണുൽപ്പാദന യൂണിറ്റ്, ഹൈടെക്ക് മിൽക്കി മഷ്റൂം ഉൽപ്പാദന യൂണിറ്റ്, കൂൺ-പ്രോസസ്സിംഗും മൂല്യവർദ്ധിത യൂണിറ്റും, ചെറുകിട കൂൺ വിത്തുൽപ്പാദന യൂണിറ്റ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് എന്നിവ നിർമ്മിക്കുന്നതിനും സബ്സിഡി ലഭ്യമാണ്. എം.ഐ.ഡി.എച്ച് പദ്ധതിയുടെ കീഴിൽ ഡ്രാഗൺ ഫ്രൂട്ട്, പ്ലാവ് കൃഷി, അവോക്കാഡോ, റംബൂട്ടാൻ, പാഷൻഫ്രൂട്ട്, മാംഗോസ്റ്റിൻ, ഹൈബ്രിഡ് പച്ചക്കറി കൃഷി എന്നിവയ്ക്കും കൂടാതെ പ്രൈമറി മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ്, റൈപ്പനിംഗ് ചേംബർ, ഇന്റഗ്രേറ്റഡ് പാക്ക്ഹൗസ് എന്നിവ നിർമ്മിക്കുന്നതിനും സബ്സിഡി ലഭ്യമാണ്. ഇടുക്കി ജില്ലയിലെ താത്പര്യമുള്ള കർഷകർ അവരവരുടെ പഞ്ചായത്തിലെ കൃഷിഭവനുകളുമായി ബന്ധപ്പെട്ട് അപേക്ഷകൾ നൽകണമെന്ന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

3. കേരളത്തിന്റെ ഭൂപ്രകൃതിക്കും, കൃഷിക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ നവീന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ വ്യാപൃതരായവരുടെ സമാഗമം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2022 ഫെബ്രുവരി മാസം സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇവർ വികസിപ്പിച്ചെടുത്ത നൂതന കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്. ഈ സമാഗമത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള നൂതന കാർഷിക യന്ത്ര നിർമാതാക്കളോ / ഗ്രൂപ്പുകളോ ഈ മാസം 15 നു (ജനുവരി 15 നു) മുമ്പായി കാർഷിക യന്ത്രവൽക്കരണ മിഷനിലേക്ക്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

spokksasc1@gmail.com എന്ന ഇമെയിൽ വിലാസത്തിലോ 8281200673 എന്ന വാട്ട്സ് അപ്പ് നമ്പരിലോ ബന്ധപ്പെടുക.

4. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ആറു മാസത്തെ കോഴ്സായ **സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ്** 2022 ജനുവരി ബാച്ചിലെ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കാനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 8-ാം ക്ലാസ് ആണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 31 ആണ്. https://onlineadmission.ignou.ac.in/admission/ എന്ന ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000930, 9400608493 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ ജൈകീടരോഗ നിയന്ത്രണ വിഭാഗത്തിലും മണ്ണുത്തി യൂണിവേഴ്സിറ്റി വിൽപ്പന കേന്ദ്രത്തിലും കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിലും പച്ചക്കറി വിളകളിലെ മീലിമുട്ടകൾ, ശൽക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള **വെർട്ടിസീലിയം**, ഇലതീനി പുഴുക്കൾക്കെതിരെയുള്ള **ബ്യൂവേറിയ ബാസിയാന**, ചിതൽ, വേരുതീനി പുഴുക്കൾ എന്നിവയ്ക്കെതിരെയുള്ള **മെറ്റാറൈസിയം** എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487 – 2370540** (മണ്ണുത്തി യൂണിവേഴ്സിറ്റി വിൽപ്പന കേന്ദ്രം), **0487-2699087** (കണ്ണാറ വാഴ ഗവേഷണ കേന്ദ്രം) എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയുടെ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ നാടൻ തെങ്ങ്, കമുക്, അവോക്കാഡോ, ആത്തച്ചക്ക, കൊക്കോ, പേര, മാവ്, ചാമ്പ, പനീർചാമ്പ, പാഷൻ ഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട, ചെറി, മംഗോസ്റ്റീൻ, ചെറുനാരകം, മാതളം, കുരുമുളക് (പന്നിയൂർ1), സർവ്വസുഗന്ധി, ജാതി, ആര്യ വേപ്പ്, കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു എന്നിവയുടെ തൈകളും, പച്ചക്കറി വിത്തുകൾ, ചിപ്പിക്കൂൺ, പാൽക്കൂൺ വിത്തുകൾ, ജൈവവളങ്ങൾ, ജൈവനിയന്ത്രണ ഉപാധികളായ ട്രൈക്കോഡെർമ, സ്യൂഡോമോണസ്, ബ്യുവേറിയ, ലേക്കനിസിലിയം, ട്രൈക്കോ കേക്ക് മുതലായവയും

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവിധ മൂല്യ വർദ്ധിത ഉത്പന്നങ്ങളും വില്പനയ്ക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **കോഴി വളർത്തൽ, ആടു വളർത്തൽ, മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. അവസാന തീയതി ജനുവരി 5 ആണ്.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **07-ന് പോത്ത് വളർത്തൽ, 17, 18 തീയതികളിൽ ആട് വളർത്തൽ, 24,25 തീയതികളിൽ പശുവളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 27 മുതൽ 29 വരെ **കന്നുകാലികളുടെ പ്രത്യുൽപ്പാദന പരിപാലനം - വരുമാന വർദ്ധനവിനു അനിവാര്യ ചുവടുവെയ്പ്** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0494-2686329, 9494-2687640** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

10. **മുളകിൽ ഇലപ്പേനിന്റെ** ആക്രമണം മൂലം ഇലകളുടെ അരികുകൾ മുകളിലേക്ക് ചുരുളുകയും ഇല കപ്പ് പോലെയാവുകയും ചെയ്യുന്നു. ഇവയെ നിയന്ത്രിക്കുന്നതിനായി **ലക്കാനിസീലിയം ലക്കാനി** 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി രണ്ട് ആഴ്ച ഇടവിട്ട് തളിക്കാവുന്നതാണ്. രണ്ട് ശതമാനം **വേപ്പെണ്ണ എമൽഷൻ** ആഴ്ചയിലൊരിക്കൽ തളിക്കുകയും ചെയ്യാം. കീടാക്രമണം രൂക്ഷമായാൽ **ഇമിഡാക്ലോപ്രിഡ്** 3 മില്ലി. 10 ലിറ്റർ വെള്ളത്തിൽ ചേർത്തോ അല്ലെങ്കിൽ **സ്പൈറോമെസിഫെൻ** ഒരു മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തോ തളിക്കാവുന്നതാണ്.